**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 500** **01.07.2014-ൽ മറുപടിയ്ക്ക്**

# ആർ. ജി. ജി. വി. വൈ

ചോദ്യം

ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കേരളത്തിൽ എത്ര ജില്ലകളിലാണ് ആർ. ജി. ജി. വി. വൈ നടപ്പാക്കുന്നത് ; ഇതിന് കേന്ദ്ര സഹായമായി എന്തു തുകയാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ ;

(എ) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ 13 ജില്ലകളിൽ ആർ. ജി. ജി. വി. വൈ പദ്ധതി, 11-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരികയാണ്. പദ്ധതി തുകയുടെ 90% മൂലധന സബ്സിഡി ബി. പി. എൽ വീടുകൾ വൈദ്യുതികരിക്കുന്നതിനുള്ള തുക 100% ഗ്രാൻറായും കേന്ദ്ര സഹായം ലഭിക്കുന്നു. ഇടുക്കി ജില്ലയിൽ ആർ. ജി. ജി. വി. വൈ പദ്ധതി 10-ാം പഞ്ചവൽസര പദ്ധതിയിൽ നടപ്പാക്കി.

RGGVY - DDG Part - രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (ഡീസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ (DDG) പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ വൈദ്യുതി എത്തിക്കാൻ പറ്റാത്ത അട്ടപ്പാടി, കൊല്ലംകോട്, മലമ്പുഴ, നെന്മാറ എന്നീ 4 ബ്ലോക്കുകളിൽ പെട്ട 15 ഉൾഗ്രാമങ്ങളിൽ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി 531.83 ലക്ഷം രൂപയ്ക്കുള്ള അനുമതി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ഈ 531.83 ലക്ഷം രൂപയിൽ 478.65 ലക്ഷം ക്യാപ്പിറ്റൽ സബ്സിഡിയും 53.18 ലക്ഷം ലോൺ അസിസ്റ്റൻസുമാണ്. ഈ പദ്ധതി പ്രകാരം 731 ഭവനങ്ങൾക്ക് വൈദ്യുതി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കേന്ദ്ര സഹായമായി 1,14,54,86,031/- രൂപ എല്ലാ ജില്ലകളിലേയ്ക്കുമായി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതൊക്കെ ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലാവധി പൂർത്തിയായി ; ഇവിടങ്ങളിലെ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ; നിശ്ചിത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ 13 ജില്ലകളിലും പദ്ധതി പൂർത്തീകരിക്കുന്നതിന് ആർ. ഇ. സി നേരത്തേ അനുവദിച്ചിരുന്ന കാലാവധി കഴിഞ്ഞു. വീണ്ടും കാലാവധി നീട്ടിക്കിട്ടാനുള്ള നടപടി എടുത്തിട്ടുണ്ട്. കൂടുതൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്നതുകൊണ്ട്, വൈദ്യുതീകരണത്തിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യേണ്ടതായി വരുന്നു. എന്നിരുന്നാലും, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ വൈദ്യുതികരണ പ്രവൃത്തികൾ 95-99% പൂർത്തീകരിച്ചു കഴിഞ്ഞു. 30-06-2014-ന് പദ്ധതി പൂർത്തീകരിക്കും.<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ ഏകദേശം 80-85% വരെ പൂർത്തീകരിച്ചിട്ടുണ്ട്. 30-09-2014 - ഓടു കൂടി ഈ 7 ജില്ലകളിലേയും പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കും. |
| (സി) ആർ. ജി. ജി. വി. വൈ പ്രകാരം നിർമ്മിക്കുന്ന ആസ്തി ഫ്രാഞ്ചൈസി സംവിധാനത്തിലേക്ക് കൈമാറണമെന്ന നിബന്ധന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ; ഇതിന്റെ പ്രത്യാഘാതം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം ഫ്രാഞ്ചൈസി സിസ്റ്റം നടപ്പിലാക്കണം എന്ന നിബന്ധന ഉണ്ടായിരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആ നിബന്ധന നടപ്പാക്കിയിട്ടില്ല. ഈ വിവരം റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**